**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**2019 ജൂൺ 14, വെള്ളി**

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം : 2291**
**ശ്രീ. കെ.സി.ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. പി.ടി. തോമസ്**
**ശ്രീ. വി.ഡി.സതീശൻ**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിവരുന്ന മെഡിസെപ് പദ്ധതിയിൽ പങ്കാളിത്തമുള്ള ആശുപത്രികൾ സംബന്ധിച്ച് റിലയൻസ് ഇൻഷ്വറൻസ് കമ്പനിയുമായി എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ഇതു സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു . |
| (ബി) | മെഡിസെപ് വഴി ഓരോ കുടുംബത്തിനും എത്ര ലക്ഷം രൂപയുടെ പരിരക്ഷയാണ് ഉറപ്പാക്കിയിട്ടുള്ളത്; | അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരമുള്ള ഡേ കെയർ ചികിത്സാ പ്രക്രിയ ഉൾപ്പെടെയുള്ള അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും പ്രതിവർഷം **രണ്ട് ലക്ഷം രൂപ** നിരക്കിൽ അടിസ്ഥാന പരിരക്ഷ.<br>അധിക പരിരക്ഷ – പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയയുൾപ്പെടെയുള്ള ഗുരുതര ചികിത്സാ പ്രക്രിയകൾക്ക് 3 വർഷത്തെ ബ്ലോക്ക് പിരീഡിലേക്ക് ഓരോ കുടുംബത്തിനും അടിസ്ഥാന പരിരക്ഷയ്ക്കു പുറമേ പരമാവധി 6 ലക്ഷം രൂപയുടെ കൂടി അധിക പരിരക്ഷ.<br>മേൽ സൂചിപ്പിച്ച അധിക പരിരക്ഷയിലും ചികിത്സാ ചെലവ് അധികരിക്കുന്ന പക്ഷം ഇൻഷ്വറൻസ് കമ്പനി പ്രതിവർഷം 25 കോടി രൂപയിൽ കുറയാത്ത തുക |
| (സി) | ക്യാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾക്കും അവയവ മാറ്റ ശസ്ത്രക്രിയകൾക്കും മെഡിസെപ് ഇൻഷ്വറൻസ് പ്രകാരം എന്ത് തുകയാണ് പരമാവധി അനുവദിക്കുകയെന്ന് അറിയിക്കുമോ; | |

| | | |
|---|---|---|
| | | ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് ഒരു കുടുംബത്തിന് പരമാവധി 3 ലക്ഷം രൂപ വരെ (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) നിശ്ചിത ചികിത്സാ ചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്. |
| (ഡി) | ഈ പദ്ധതി നടപ്പിലാക്കുന്ന സ്വകാര്യ ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം ഇനത്തിൽ ഒരു വർഷം എന്ത് തുകയാണ് നൽകേണ്ടതെന്ന് വെളിപ്പെടുത്തുമോ; | പദ്ധതിയിലെ ഓരോ അംഗത്തിനും ₹3000/- രൂപ നിരക്കിലാണ് വാർഷിക പ്രീമിയം ഒടുക്കേണ്ടത് . |
| (ഇ) | സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ 2018-19 വർഷം എന്ത് തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; അതിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനായി 73.02 കോടി വകയിരുത്തിയിരുന്നു .ഇതിന്റെ ചെലവ് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്ക് ലഭ്യമായിട്ടില്ല . |

**അക്കൗണ്ട്സ് ഓഫീസർ**